**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5137** **21-07-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തിരവും നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി-1 ആയി ചേർക്കുന്നു. |
| (ബി) | ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | സുഭിക്ഷ കേരളം പദ്ധതി പ്രകാരം മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | പരമാവധി തരിശു ഭൂമിയിൽ കൃഷിയിറക്കിക്കൊണ്ട് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക എന്നതാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. വിവിധ വാർഷിക പദ്ധതികളുമായി സംയോജിപ്പിച്ചു ആയതു നടപ്പിലാക്കുന്നതാണ്. ജനകീയ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തരിശു കൃഷി ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

| ക്രമ നം. | കൃഷി വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ |
|---|---|
| 1 | **കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം**<br>കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ലഭ്യമായ വിഭവശേഷി ശാസ്ത്രീയമായി പരമാവധി ഉപയോഗപ്പെടുത്തുന്നതിലും അതുവഴി സംസ്ഥാനത്തിന്റെ ഉൽപ്പാദനത്തിൽ ഗണ്യമായ സംഭാവന നൽകുന്നതിലും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിലും ലക്ഷ്യമിട്ടുകൊണ്ട് ഈ വർഷം കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിന് തുടക്കമിടുന്നു. വിളയാധിഷ്ഠിത സമീപനത്തിൽ നിന്നും മാറി സംയോജിത-ബഹുവിളകൃഷി സമ്പ്രദായത്തിലേക്കുള്ള മാറ്റത്തിലൂടെ നിലവിലുള്ള കൈവശഭൂമിയിൽ നിന്നും പരമാവധി വരുമാനം ഉറപ്പുവരുത്തുക എന്നതാണ് ഈ സമീപനത്തിന്റെ പ്രധാന ലക്ഷ്യം. ഇതിൽ ഉൾപ്പെടുത്തേണ്ട ഘടകങ്ങളെ ശാസ്ത്രീയമായി തിരഞ്ഞെടുക്കുന്നതിലൂടേയും, കാർഷിക ആവാസവ്യവസ്ഥായൂണിറ്റധിഷ്ഠിത കാർഷിക പരിപാലന മാർഗ്ഗങ്ങൾ സ്വീകരിക്കുകയും വഴി വിളനാശം മൂലമുള്ള നഷ്ടം കുറയ്ക്കുന്നതിനും ഓരോ തുണ്ടുഭൂമിയിൽ നിന്നുമുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും സംയോജിത-ബഹുവിള കൃഷി സമ്പ്രദായത്തിലൂടെ സാധ്യമാകും. വികസനത്തിന്റെ അടിസ്ഥാന യൂണിറ്റായി കണക്കാക്കപ്പെടുന്ന ഓരോ കൃഷിയിടവും തദ്ദേശഭരണസംവിധാനത്തിന്റെ പിന്തുണയോടെ കൃഷിഭവനുകൾ മുഖേന ബ്ലോക്കുതല കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ സഹായത്തോടെ തിരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ബ്ലോക്ക്തലത്തിൽ പ്രവർത്തിക്കുന്ന കാർഷികവിജ്ഞാന കേന്ദ്രങ്ങളിലൂടെ കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരുടെ സാങ്കേതിക സഹായത്തോടെയും കർഷകരുമായി കൂടിയാലോചിച്ചും കൃഷി ഓഫീസർ തയ്യാറാക്കുന്ന ശാസ്ത്രീയമായ വിഭവാധിഷ്ഠിത ആസൂത്രണരേഖ പ്രകാരമായിരിക്കും കൃഷിയിട വികസനം നടപ്പിലാക്കുക. ഈ സമീപനത്തിൽ കാർഷിക അനുബന്ധമേഖലകളായ മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നിവയും ഉൾപ്പെടും. ഈ സമീപനത്തിൽ നടപ്പിലാക്കുന്ന മൂന്ന് പദ്ധതികൾ താഴെ പറയുന്നവയാണ്.<br><br>– കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദനപരിപാടികൾ – ഉല്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ.<br>– ഉല്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതിക സഹായത്തിനുമുള്ള പദ്ധതി.<br>– കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ ശൃംഖല/ മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി. |
| 2 | **ഞങ്ങളും കൃഷിയിലേക്ക് പദ്ധതി**<br>കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക തുടങ്ങിയ ലക്ഷ്യത്തൊടെ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേക്ക്". സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിന് “ഞങ്ങളും കൃഷിയിലേക്ക്” പദ്ധതി |

| | |
|---|---|
| 3 | ആവിഷ്കരിച്ചിരിക്കുന്നത്. കേരളത്തിലെ എല്ലാ ജനങ്ങളിലേക്കും കൃഷിയുടെ സന്ദേശമെത്തിക്കുന്ന മാസ്സ് ക്യാമ്പയിൻ അടിസ്ഥാനത്തിലാണ് "ഞങ്ങളും കൃഷിയിലേക്ക്" നടപ്പിലാക്കുന്നത്.<br>കേരളത്തിന് ആവശ്യമായിട്ടുള്ള പച്ചക്കറികളും പഴവർഗ്ഗങ്ങളും നമുക്ക് ഉത്പാദിപ്പിക്കുവാൻ സാധ്യമാക്കുവാനും, നെല്ലിന്റെ ഉത്പാദനത്തിൽ വർദ്ധനവു വരുത്തുവാനും, തരിശ് ഭൂമികൾ മുഴുവനായി കൃഷിക്കായി സജ്ജീകരിക്കപ്പെടേണ്ടതിനും, ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് കർഷകന് നല്ല വില ലഭ്യമാക്കേണ്ടതിനും കൂടി ഇത്തരം ക്യാമ്പയിനുകൾ ലക്ഷ്യമിടുന്നു. |
| 3 | <u>**കൃഷിക്കൂട്ടം**</u><br>യുവാക്കളെയും വനിതകളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും ഭക്ഷ്യോത്പാദനം വർധിപ്പിക്കുന്നതിനും ഭക്ഷ്യസുരക്ഷാ ഉറപ്പുവരുത്തുന്നതിനുമായി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്ന ഞങ്ങളും കൃഷിയിലേക്കു ക്യാമ്പയിന്റെ ഭാഗമായി ഗ്രൂപ്പ് അടിസ്ഥാനത്തിൽ വിവിധ വിളകൾ കൃഷിചെയ്യുകയും തദ്വാരാ കൃഷിയിലേക്കു യുവതലമുറയെ കൂടുതലായി ആകർഷിക്കുന്നതിനും വേണ്ടിയുള്ള കർഷകരും നവകർഷകരുമടങ്ങിയ ഗ്രൂപ്പുകളാണ് കൃഷിക്കൂട്ടങ്ങൾ.<br>ഓരോ പഞ്ചായത്തിലും പത്തു മുതൽ പതിനഞ്ചു കർഷകർ ഉൾപ്പെടുന്ന പത്തു വീതം കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചു ഓരോ ഗ്രൂപ്പുകളും ഒരു ഹെക്ടറിൽ കുറയാത്ത സ്ഥലത്തു പുതുതായി കൃഷി ചെയ്യുന്നതിനായാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പച്ചക്കറി കൃഷി, വാഴകൃഷി, കിഴങ്ങു വർഗ വിളകൾ, പയർ വർഗ വിളകൾ, എണ്ണക്കുരുക്കൾ, ചെറുധാന്യങ്ങൾ എന്നീ കൃഷികളാണ് നടപ്പിലാക്കുന്നത്.<br>കൃഷിക്കൂട്ടം പദ്ധതിയുടെ ഭാഗമായി കേരളമൊട്ടാകെ 10000 കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചു കൊണ്ട് 10000 ഹെക്ടറിൽ പുതിയതായി കൃഷിയിറക്കും. |
| 4 | <u>പച്ചക്കറി കൃഷി വികസന പദ്ധതി</u><br>പച്ചക്കറി ഉല്പ്പാദനത്തിൽ സംസ്ഥാനം സ്വയം പര്യാപ്തത കൈവരിക്കുന്നതിനും സുരക്ഷിത പച്ചക്കറി ഉല്പ്പാദനം പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടി പച്ചക്കറി വികസന പരിപാടികൾ നടപ്പിലാക്കി വരുന്നു.<br>സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉൽപാദനം വർദ്ധിപ്പിച്ച് വിഷമുക്തമായ പച്ചക്കറി ഉൽപാദനത്തി ൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സ്കൂളുകൾ, സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ വിഭാഗത്തിൽ പെട്ടവരെ പച്ചക്കറി കൃഷിയിലേക്ക് ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. |
| 5 | <u>നെൽ കൃഷി വികസന പദ്ധതി</u><br>പ്രകൃത്യാ തന്നെ നെൽകൃഷിയ്ക്ക് അനുകൂല സാഹചര്യമുള്ളതും ഉൽപ്പാദന വർദ്ധനവിന് സാധ്യതയുള്ളതുമായ കാർഷിക ആവാസ മേഖലയിൽ കേന്ദ്രീകരിച്ച് തരിശു നില കൃഷിയ്ക്കും ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകി നെൽകൃഷി വികസന പരിപാടികൾ നടപ്പിലാക്കുന്നു. നെല്ലുൽപ്പാദന വർദ്ധിപ്പിക്കുന്നതിനു വേണ്ടിയും പരിസ്ഥിതി സൗഹൃദമായ സുസ്ഥിര സാങ്കേതിക വിദ്യകൾ പ്രയോഗിക്കുന്നതിനു വേണ്ടിയും ലക്ഷ്യമിട്ടു കൊണ്ടിട്ടുള്ളതും സമഗ്ര നൂതന ആശയങ്ങൾ |

| | |
|---|---|
| | ഉൾക്കൊള്ളിച്ച് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുക എന്നതുമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. |
| 6 | **ഒരു കോടി ഫലവൃക്ഷ തൈ വിതരണം**<br>സർക്കാർ ഫാമുകളിലും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും ഉല്പാദിപ്പിക്കുന്ന ഫല വൃക്ഷങ്ങളുടെ നടീൽ വസ്തുക്കൾ കൃഷി ഭവൻ വഴി കർഷകർക്ക് വിതരണം ചെയ്യുന്ന പദ്ധതിയാണിത്. |
| 7 | **കേരഗ്രാമം**<br>സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളീകേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയത്. നാളീകേര ഉൽപ്പാദന വർദ്ധനവും കർഷകന്റെ വരുമാന വർദ്ധനവും ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| 8 | **ഓർഗാനിക് ഫാമിംഗ്**<br>സംസ്ഥാനത്ത് ജൈവ കൃഷിയിലൂടെ സുരക്ഷിതമായ ഭക്ഷ്യോത്പ്പാദനത്തിനായുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിലൂടെ നടത്തുന്നു. ജൈവ സർട്ടിഫിക്കേഷനായുള്ള സഹായം ക്ലസ്റ്ററുകളുടെ ശക്തിപ്പെടുത്തൽ, ക്ലസ്റ്ററുകൾക്ക് പ്രോത്സാഹന സഹായം പച്ചില വള പ്രയോഗം എന്നിവയിലൂടെ സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യോത്പ്പാദനം സാധ്യമാക്കുന്നു. |
| 9 | **മണ്ണ് ആരോഗ്യ പരിപാലന പദ്ധതി**<br>കേരളത്തിലെ മണ്ണ സമ്പത്തിലുണ്ടായ പോഷകമൂലകങ്ങളുടെ കുറവ് പരിഗണിച്ചുകൊണ്ട് കാർഷിക വിളകളുടെ ഉല്പ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് മണ്ണിടൽ ആരോഗ്യം ഉയർത്തേണ്ടത് അത്യന്താപേഷിതമാണ്.<br>സോയിൽ ഹെൽത്ത് മാനേജ്മെന്റ് & പ്രൊഡക്ടിവിറ്റി പദ്ധതിയിൾ വിവിധ മേഖലകളിൽ നിന്ന് ശേഖരിക്കുന്ന മണ്ണ് സാമ്പിളുകൾ ശാസ്ത്രീയമായി അപഗ്രഥിച്ച് സൂക്ഷ്മ മൂലകങ്ങൾ ഉൾടെയുള്ള സസ്യപോഷണത്തെക്കുറിച്ച് സോയിൽ ഹെൽത്ത് കാർഡ് കൊടുക്കുകയും ആ കാർഡിലെ നിർദ്ദേശങ്ങളനുസരിച്ച് കൃഷിക്കാർക്ക് മാതൃകാ തോട്ടങ്ങളും പരിശീലനങ്ങളും നല്കുകയും ചെയ്യുന്നു |
| 10 | **സുഗന്ധവ്യജ്ഞന പദ്ധതി**<br>കുരുമുളക് പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായുള്ള വികേന്ദ്രീകൃത കുരുമുളക് നേഴ്സറികൾ, കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണം, കുരുമുളക് സമിതികളുടെ പുനരുജ്ജീവനം, പുതിയ കുരുമുളക് തോട്ടങ്ങൾ വച്ചു പിടിപ്പിക്കുക, ഇഞ്ചി/മഞ്ഞൾ, ജാതി/ഗ്രാമ്പു കൃഷിയുടെ വ്യാപനം എന്നിവയാണ് ഈ പദ്ധതി പ്രകാരം നടപ്പിലാക്കുന്നത്. |
| 11 | **കിഴങ്ങു വർഗ്ഗ വികസന പദ്ധതി**<br>കിഴങ്ങു വർഗ്ഗങ്ങളുടെ കൃഷി വ്യാപിക്കുന്നതിനായി രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണിത്. |
| 12 | **ഭാരതീയ പ്രകൃതി കൃഷി പദ്ധതി**<br>ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള കേന്ദ്ര കേരള സർക്കാർ സംയുക്ത പദ്ധതിയാണ് ഇത്. ചങ്ങനാശ്ശേരി നിയമസഭാ മണ്ഡലത്തിൽ 500 ഏക്കർ |

| | |
|---|---|
| | ഉൾക്കൊള്ളുന്ന ഒരു ക്ലസ്റ്ററിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. |
| 13 | **വിള ആരോഗ്യ പരിപാലന പദ്ധതി**<br>സുസ്ഥിര കാർഷിക വികസനത്തിന് വിള ആരോഗ്യ പരിപാലനം ഒരു സുപ്രധാന ഘടകമാണ്. സംയോജിത കീടരോഗ പരിപാലനം മെച്ചപ്പെട്ട വിള ആരോഗ്യപരിപാലത്തിന് സഹായിക്കും. വിളകളെ ബാധിക്കുന്ന കീടരോഗ ബാധ സസ്യപോഷണത്തിന് ആവശ്യമായ മൂലകങ്ങളുടെ ഏറ്റക്കുറച്ചിൽ മൂലം വിളകൾക്കുണ്ടാകുന്ന ദോഷങ്ങൾ എന്നിവ ഫീൽഡ് തല നിരീക്ഷണത്തിലൂടെ കണ്ടെത്തി വിളകളുടെ സംരക്ഷണത്തിനാവശ്യമായ ശാസ്ത്രീയ നിർദ്ദേശങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുകയാണ് ടി പദ്ധതിയുടെ ലക്ഷ്യം |
| 14 | **അഗ്രോ സർവ്വീസ് സെന്റർ**<br>അഗ്രോ സർവ്വീസ് സെന്റർ പദ്ധതിയിൽ കാർഷിക മേഖല നേരിടുന്ന മുഖ്യപ്രശ്നമായ കർഷക തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിന് തദ്ദേശീയരായ യുവതീയുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് തൊഴിൽ സേനകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ കൃഷിപ്പണികൾ ചെയ്തുകൊടുക്കുന്നു |
| 15 | **കാർഷിക വിജ്ഞാന വ്യാപനം**<br>കാർഷിക വികസനം ഫലപ്രദമാകുന്നത് കർഷകർ സ്വീകരിക്കുന്ന ശാസ്ത്ര സാങ്കേതിക വിദ്യകളെ ആശ്രയിച്ചായിരിക്കും. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് കൃഷി സ്ഥലങ്ങൾ സന്ദർശിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു കാർഷിക വിജ്ഞാന വ്യാപന സമ്പ്രദായം അത്യന്താപേക്ഷിതമാണ്. ഈ പദ്ധതിയിൽ പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും കാർഷിക വികസന സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |
| 16 | **ആത്മ പദ്ധതി**<br>സുസ്ഥിരമായ കാർഷിക വികസനം ലക്ഷ്യമാക്കി കാർഷിക മേഖലയിലെ പ്രാദേശിക പ്രശ്നങ്ങൾക്ക് മുൻഗണന നൽകി ഉൽപാദന വർദ്ധനവ് അടിസ്ഥാനമാക്കി പദ്ധതികൾ ഏറ്റെടുക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിനും, നൂതനസാങ്കേതികവിദ്യകൾ കർഷകർക്ക് പകർന്ന് നൽകുന്നതിനുമായാണ് ആത്മ പദ്ധതികൾ നടപ്പിലാക്കുന്നത്. ഡെമോൺസ്ട്രേഷനുകൾ, കൃഷിയിട വിദ്യാലയം പ്രതിമാസ കർഷക ഉപദേശ ബുള്ളറ്റിനുകൾ കാർഷിക കർമ്മസേനയുടെ രൂപീകരണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. |
| 17 | **രാഷ്ട്രീയ കൃഷി വികാസ് യോജന (തരിശ്ശു ഭൂമി)**<br>കൃഷിക്ക് അനുയോജ്യമായ തരിശ്ശു ഭൂമി കണ്ടെത്തി പ്രസ്തുത ഭൂമിയിൽ കൃഷി വ്യാപിപ്പിക്കുന്നതിനായുള്ള കേന്ദ്രസർക്കാർ പദ്ധതിയാണിത്. |

**വിവിധ ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ**

**സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ**

| ക്രമ | പദ്ധതി |
|---|---|

| നമ്പർ | |
|---|---|
| 1 | വാഴ കൃഷി വികസനം |
| 2 | ഡ്രാഗൺ ഫ്രൂട്ട് കൃഷി വികസനം |
| 3 | ടിഷ്യു കൾച്ചർ വാഴ കൃഷി വികസനം |
| 4 | പ്ലാവ് കൃഷി വികസനം |
| 5 | രണ്ടാം വർഷ പ്ലാവ് കൃഷി വികസനം |
| 6 | റംബൂട്ടാൻ കൃഷി വികസനം |
| 7 | പാഷൻ ഫ്രൂട്ട് കൃഷി വികസനം |
| 8 | സങ്കരയിനം പച്ചക്കറി കൃഷി വികസനം |
| 9 | കൊക്കോ കൃഷി വികസനം |
| 10 | മഴമറ കൃഷി വികസനം |
| 11 | പവർ ടില്ലർ |
| 12 | മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് |
| 13 | ഫാം മെക്കനൈസേഷൻ |
| 14 | മൂല്യ വർദ്ധിത യൂണിറ്റ് |
| 15 | മൊബൈൽ വെൻഡിംഗ് കാർട്ട് |
| 16 | പാക്ക് ഹൗസ് |
| 17 | മാവ് കൃഷി വികസനം |

## ജനകീയാസൂത്രണം പദ്ധതികൾ

| ക്രമ നം. | പദ്ധതി |
|---|---|
| 1 | പാടശേഖരങ്ങൾക്ക് നെൽ വിത്ത് സബ്സിഡി |
| 2 | പച്ചക്കറി കൃഷിക്ക് കൂലിചിലവ് |
| 3 | ഏത്തവാഴ കൃഷിക്കുള്ള ജൈവവളത്തിനും സബ്സിഡി |
| 4 | കിഴങ്ങു വർഗ്ഗ വിളകൾക്കുള്ള വിത്തു വിതരണം |
| 5 | ഫലവൃക്ഷതൈ വിതരണം |
| 6 | പച്ചക്കറി കൃഷി വികസന പദ്ധതി |
| 7 | കൃഷി ഓഫീസ് വാടക |
| 8 | ജൈവ കൃഷി പദ്ധതി |
| 9 | ഹരിത ഭവനം |
| 10 | തെങ്ങ് കൃഷി വികസനം |
| 11 | കുരുമുളക് വികസന പദ്ധതി |
| 12 | ഗ്രൂപ്പ് പച്ചക്കറി കൃഷി |
| 13 | ജാതി കൃഷി പദ്ധതി |

| | |
|---|---|
| 14 | ഇടവിള കൃഷി വികസനം |
| 15 | നെൽ കൃഷി വികസനം- നെൽ വിത്ത് വിതരണം |
| 16 | എസ്.സി കർഷകരുടെ സമഗ്ര വികസനം |
| 17 | തേനീച്ച കൃഷി |
| 18 | സുഭിക്ഷ കേരളം തരിശ് നെൽ കൃഷിക്ക് സഹായം |
| 19 | സുഭിക്ഷ കേരളം വാഴവിത്തും വളവും വിതരണം |
| 20 | സുഭിക്ഷ കേരളം -കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം |
| 21 | സുഭിക്ഷ കേരളം- കുറ്റിക്കുരുമുളക് തൈ വിതരണം |
| 22 | സുഭിക്ഷ കേരളം - പച്ചക്കറി തൈ വിതരണം |
| 23 | സുഭിക്ഷകേരളം- ഫല വൃക്ഷതൈ വിതരണം |

**<u>അനുബന്ധം - 2</u>**

**ഓരോ പദ്ധതിക്കും അനുവദിച്ച തുക പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ചുവടെ ചേർക്കുന്നു.**

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിച്ച തുക | പദ്ധതിയിലെ നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | പച്ചക്കറി കൃഷി വികസന പദ്ധതി | തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | പദ്ധതി നടപ്പിലാക്കി വരുന്നു |
| 2 | നെൽ കൃഷി വികസന പദ്ധതി | തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | പദ്ധതി നടപ്പിലാക്കി വരുന്നു |
| 3 | ഒരു കോടി ഫലവൃക്ഷ തൈ വിതരണം | തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | പദ്ധതി നടപ്പിലാക്കി വരുന്നു |
| 4 | കേരഗ്രാമം | തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | പദ്ധതി നടപ്പിലാക്കി വരുന്നു |
| 5 | മണ്ണ് ആരോഗ്യ പരിപാലന പദ്ധതി | തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | പദ്ധതി നടപ്പിലാക്കി വരുന്നു |
| 6 | ഓർഗാനിക് ഫാമിംഗ് | തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | പദ്ധതി നടപ്പിലാക്കി വരുന്നു |
| 7 | സുഗന്ധവ്യഞ്ജന പദ്ധതി | 870045 | പദ്ധതി നടപ്പിലാക്കി വരുന്നു |
| 8 | കിഴങ്ങു വർഗ്ഗ വികസന പദ്ധതി | തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | പദ്ധതി നടപ്പിലാക്കി വരുന്നു |
| 9 | ഭാരതീയ പ്രകൃതി കൃഷി പദ്ധതി | തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | പദ്ധതി നടപ്പിലാക്കി വരുന്നു |
| 10 | വിള ആരോഗ്യ പരിപാലന | 1800000/- | പദ്ധതി നടപ്പിലാക്കി |

| | | | |
|---|---|---|---|
| | പദ്ധതി | | വരുന്നു |
| 11 | അഗ്രോ സർവ്വീസ് സെന്റർ | 1317375/- | പദ്ധതി നടപ്പിലാക്കി വരുന്നു |
| 12 | കാർഷിക വിജ്ഞാന വ്യാപനം | 923940/- | പദ്ധതി നടപ്പിലാക്കി വരുന്നു |
| 13 | ആത്മ പദ്ധതി | 281941/- | പദ്ധതി നടപ്പിലാക്കി വരുന്നു |
| 14 | രാഷ്ട്രീയ കൃഷി വികാസ് യോജന (തരിശ്ശ ഭൂമി) | തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | പദ്ധതി നടപ്പിലാക്കി വരുന്നു |
| 15 | ഞങ്ങളും കൃഷിയിലേക്ക് | തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. | പദ്ധതി നടപ്പിലാക്കി വരുന്നു |
| 16 | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ | 3051450/- | പദ്ധതി നടപ്പിലാക്കി വരുന്നു |
| 17 | ജനകീയാസൂത്രണ പദ്ധതികൾ | 4406880/- | പദ്ധതി നടപ്പിലാക്കി വരുന്നു |